PULIYAPARAMB
HIGHER SECONDARY SCHOOL
Kodunthirapully,Palakkad-4



# സന്ദേശം

ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് ' തൂലിക' സർഗ്ഗശേഷിയും സാങ്കേതിക വൈദഗ്ധ്യവും സമന്വയിപ്പിച്ച

ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

**സൗദ. എ**

**ഹെഡ്മിസ്ട്രസ്**

# സന്ദേശം

പുളിയപറമ്പ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്കും അംഗങ്ങൾക്കും പുതിയ സംരംഭമായ ഡിജിറ്റൽ മാഗസിനും എല്ലാ ഭാവുകങ്ങളും നേരുന്നു

ജയപ്രകാശ്. സി

സ്റ്റാഫ് സെക്രട്ടറി

# Little Kites Team

**KITE MASTER : SHOUKKATHALI T**

**KITE MISTRESS : BINDU C V**

KITE LEADER 1 :MANU

KITE LEADER 2 : NANDHITHA

# EDITORIAL BOARD

STUDENT EDITOR :ABHINAYA

MEMBERS:

1.PRANAV

2. ARYA

3. SILMI

4.SANDRA

## താളുകളിലൂടെ

മഴ കഥ........................................................................................................................................7
അനാഥ ബാല്യങ്ങൾ കവിത.................................................................................................................9
അമ്മ.........................................................................................................................................10
ആസ്വാദനക്കുറിപ്പ്................................................................................................................12
A DREAM WITHIN A DREAM...........................................................................................14
*MAHATHMA GANDHI'S TALISMAN*.................................................................................16
പ്രകൃതി....................................................................................................................................18
എന്റെ കഥ...............................................................................................................................20
മഴയോട് മാത്രം പ്രണയം..................................................................................................23
don't quit it.............................................................................................................................24
ബാലവേല ലേഖനം..................................................................................................................26
mother poem..........................................................................................................................28

## മഴ

കഥ

അഭിജിത്

വളകിലുക്കി കളിച്ചു ചിരിച്ചു ചിരിച്ചു കിങ്ങിണി വന്നമഴയായിരുന്നു അത്. മണ്ണിനെ മഴ മെല്ലെ തലോടി . മഴ മണ്ണിലൂടെ ഒഴുകിയൊഴുകി മണ്ണിനോട് കിന്നാരം പറഞ്ഞു. കഴിയുന്നതുപോലെ വീണ്ടും ഒഴുകി .ഞങ്ങൾ യാത്രയിലായിരുന്നു .യാത്രയുടെ മധ്യേയും ഒഴുക്കിലും ആയി ഞങ്ങൾ മറ്റൊരു മഴയെ കണ്ടുമുട്ടി. ഞങ്ങളെ വല്ലാതെ വേദനിപ്പിച്ചു ,കല്ലു ചെയ്യുന്നതുപോലെ , അവസാനം അതും മറ്റേ ദിക്കിലേക്ക് ഒഴുകിപ്പോയി .യാത്രാമൊഴികൾ, മുന്നറിയിപ്പ്, പിന്നെയും മഴയുടെ മറ്റൊരു മുഖം ഞങ്ങളെ നോക്കി അവനിൽ കറുത്ത ഓർമ്മകൾ .

കാർമേഘങ്ങൾ ഉണ്ടായിരുന്നു . തിരിച്ചുവന്നപ്പോൾ അസ്തമിക്കാത്ത സൂര്യൻ അത് മായ്ച്ച് കളഞ്ഞു .അവൻറെ പ്രകാശകിരണങ്ങളിൽ താലോലം പാടിയ മഴത്തുള്ളികൾ ഞങ്ങളുടെ മനസ്സിൽ പുതിയൊരു വാതിൽ തുറന്നു .വീണ്ടും

എന്തൊക്കെയോ പിറുപിറുത്ത്  പിന്നെയും  ഞങ്ങളെ തേടിയെത്തി .ഒരു ഇടവഴി എത്തിയപ്പോൾ അപ്പുറത്തെ വീട്ടിലെ കുഞ്ഞനിയൻ  ഉണ്ണിക്കുട്ടനും ഏട്ടനും വണ്ടിയിൽ പറഞ്ഞയച്ചു .ഞാനും അച്ഛനും ആ ഇടതുർന്ന വരമ്പിലൂടെ.. മഴ ഞങ്ങളെ താലോലിക്കും പോൽ പ്രഹരിക്കുന്നുണ്ടായിരുന്നു .പെട്ടെന്നായിരുന്നു വെള്ളിവെളിച്ചത്തിൽ ഇടി കണ്ണിലൂടെ പറഞ്ഞുപോയത് എനിക്കൊരു ഊർജ്ജം  കിട്ടിയതുപോലെ ഞാൻ വീണ്ടും പാഞ്ഞു.

അതിന്റെ ഊർജ്ജ മഴയോടൊപ്പം ഒലിച്ചു പോയ നേരം ഞാൻ കിതച്ചപ്പോഴാണ് വീണ്ടും ഒരു ഇടി വന്നത്. അത് എവിടെ നിന്ന് ഓടിച്ചോടി ച്ച് വീടുവരെ എത്തിച്ചു.പെയ്തു തീരാത്ത മഴ  ഓർമ്മകളോടെ എൻറെ മനസ്സിൽ ഉണ്ട്. ഓരോ തളിരുകൾ പൂവിടാൻ തുടങ്ങി .ഇരുട്ടു വെളിച്ചമായി മഴയായി വര വരമ്പായി ഇനിയും വരാനിരിക്കുന്ന സ്വപ്നങ്ങളെ ഓർത്തു ,മഴ മേഘങ്ങളിൽ സമ്മാനങ്ങൾ ഒരിക്കിക്കൂട്ടി വച്ചു .ഇനിയൊരു വസന്തത്തിൽമാരിവില്ല് പൊഴിക്കാൻ.....

# അനാഥ ബാല്യങ്ങൾ കവിത

-സാന്ദ്ര .പി

നിന്റെ കണ്ണിലൂടെ ഞാൻ എന്റെ
എന്റെ ലോകം കണ്ടറിന്നു, വർണ്ണങ്ങൾ
ഒട്ടും വാരി വിതറിയിലെകിലും
ഉള്ള വർണങ്ങളിൽ മനോഹരമാക്കി

സ്വന്തം ലോകത്തെ നിറമിലെകിലും
അമ്മയുടെ മണമുള്ള ലോകമാക്കി
മനസ്സിന്റെ ഏടുകൾ വലിച്ചു
കീറി പട്ടം പറത്താൻ

തിട്ടക്കപ്പെട്ടുന്ന മറുബാല്യം
അനാഥത്വത്തിൻ വാതിൽ തുറന്നു
പുറത്തേക്കു പോകാൻ കൊതിക്കുന്ന
കുഞ്ഞു മനസ്സ്

# അമ്മ

-ശ്രീലേഖ-



**അ**മ്മയെന്ന
ലോകം
എല്ലാത്തിനും ഒരു
ആശ്വാസമാണ്
ആ വാക്കുകൾ ഒരു സാന്ത്വനമാണ് .അമ്മ എന്ന നാമം നാവിൽ ഉള്ളടത്തോളം കാലം നന്മ നിറഞ്ഞ ജീവിതം എന്നും നമ്മുടെ കൂടെയുണ്ടാവും. തന്റെ എല്ലാ സ്വപ്നങ്ങളും ആഗ്രഹങ്ങളും തന്റെ കുടുംബത്തിന് വേണ്ടി മാറ്റിവച്ചവളാണ് അമ്മ. ഒരു കുടുംബത്തിന്റെ കെടാവിളക്കാണ്. അമ്മ ഇല്ലാത്ത ഒരു ലോകത്തെ പ്രതിസന്ധികളിലൂടെ അല്ലാതെ കുഞ്ഞിന് നേരിടാനാവില്ല. നമ്മുടെ ജീവിതത്തിലെ ഏത കാര്യത്തിലും നമ്മുടെ കൂടെയുണ്ടാവുന്ന വലിയൊരു സത്യമാണ് അമ്മ. എന്നാൽ അച്ഛൻ പത്തുമാസം ചുമന്നില്ല നൊന്ത് പ്രസവിച്ചില്ല. എന്നിരുന്നാലും അമ്മയുടെ തുല്ല്യസ്ഥാനം തന്നെയാണ് നാം

അച്ഛനും കൊടുക്കേണ്ടത്. കാരണം ആ അച്ഛൻറെ ഒരുനാളത്തെ അധ്വാനമാണ് നാം ഇന്നനുഭവിക്കുന്ന സുഖസൗകര്യങ്ങളും നാം ഇന്നും കഴിച്ചുകൊണ്ടിരിക്കുന്ന അന്നവും. ഒരു ദിവസം ചോറിൽ കല്ല് കടിച്ചെന്നു പറഞ്ഞ് മാറ്റിവെച്ചത് ചോറ് മാത്രമായിരുന്നില്ല അച്ഛനോടുള്ള സ്നേഹം കൂടിയാണ് .എല്ലാവർക്കും അവരുടെ മാതാപിതാക്കൾ തന്നെ ആവണം അവരുടെ വഴികാട്ടികൾ എന്നാൽ ഇന്ന് അച്ഛനമ്മമാരെ തെരുവിലിറക്കുന്ന മക്കളാണ് ജീവിക്കുന്നത്.

എന്നാണവർക്ക് മാതാപിതാക്കൾ അവരുടെ അധികപ്പറ്റായത് ? എന്താണവർ ചെയ്ത കുറ്റം ? 'അമ്മ പത്തുമാസം ചുമന്ന് നൊന്തു പ്രസവിച്ചതോ ? അതോ കടലോളം സ്നേഹം തന്നു വളർത്തിയതോ? ഇങ്ങനെയെല്ലാമുള്ള അനവധി ചോദ്യങ്ങൾ മാതാപിതാക്കളുടെ മനസ്സിൽ ഇന്നും ഉണ്ട്. എങ്കിലും അവർ ഇതിനെതിരേ പ്രതികരിക്കാത്തത് മക്കളോടുള്ള സ്നേഹം ഇന്നും ഉറങ്ങാതെ കിടക്കുന്നതുകൊണ്ടാണ്. മക്കൾ ഒരു നല്ല നിലയിലാവാൻ തന്നെ.....

........................

# ആസ്വാദനക്കുറിപ്പ്

**- അഭിനയ**

ഞാൻ വായിച്ച ഒരു പുസ്തകമാണ് നൂ-റ്റാണ്ടിനെ മാറ്റിമറിച്ച 101 ഇന്ത്യക്കാർ.പ്രശസ്ത എഴുത്തുകാരനായ എൻ.മൂസക്കുട്ടി എഴുതിയ ബുക്കാണിത്. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്വന്തം വ്യക്തിമുദ്രപതിപ്പിച്ച് നൂറ്റാണ്ടിന്റെ സാരഥികളായിമാറിയ 101 അപൂർവവ്യക്തിത്വങ്ങളെക്കുറിച്ചാണ് ഈ പുസ്തകം.

ഭാരതീയപൈതൃകത്തിൽനിന്ന്ഊർജ്ജമുൾക്കൊണ്ട്സമഗ്രപരിവർത്തനത്തിനായി അവിരാമം പ്രയത്നിച്ച കുറെ ഭാരതീയരുടെ കർമ്മപഥങ്ങളെ ഈ പുസ്തകം പരിചയപ്പെടുത്തുന്നു.നൂറ്റാണ്ടിനെ മാറ്റിമറിച്ച,ചരിത്ര സൃഷ്ടാക്കളായി ജനഹൃദയങ്ങളിൽ എന്നും ജീവിക്കുന്ന ആ അപൂർവ്വവ്യക്തികളെ**അറിയാനും അവരിലേക്ക് അടുക്കാനും എനിക്ക് ഈ പുസ്തകം വളരെ സഹായകരമായി.**

# അൻഫസ്



# A DREAM WITHIN A DREAM

**FATHIMA PARVEEN.**

Take this kiss upon the brow!
And, in parting from you now,
Thus much let me avow-
You are not wrong, who deem
That my days have been a dream;
Yet if hope has flown away
In a night, or in a day,
In a vision, or in none,
Is it therefore the less gone?
All that we see or seem
Is but a dream within a dream
I stand amid the roar
Of a surf tormented shore,
And i hold within my hand
Grains of the golden sand-
How few ! Yet how they creep
Though my fingers to the deep
While i weep! While i weep!

Oh god ! Can i not grasp
Them with a tighter clasp?
Oh god! I can i not save
One from the pitiless wave?
Is all that we see or seem.



.

# MAHATHMA GANDHI'S TALISMAN

ALIYA

"I will give you a talisman. Whenever you are in doubt, or when the self becomes too much with you, apply the following test. Recall the face of the poorest and the weekest man[women] whom you may have seen, and ask yourself, if the step you contemplate is going to be of any use to him[her]. Will he[she] gain anything by it? Will it restore him[her] to a control over his[her] own life and destiny?In other words, will it lead to FREEDOM for the hungry and spirutually starving millions? Then you will find your doubts and your self melt away."



ഫയാസ്





.........................................................

# പ്രകൃതി

-സിഫ്ലി

പ്രകൃതി നീ എത്ര സുന്ദരി!
ഈ ഭൂമിയിൽ ജനിച്ച ഞാനെത്ര ഭാഗ്യവാൻ
മഞ്ഞും മഴയും വേനലും മാറിമാറി വരുന്ന ദിനങ്ങൾ
പുലർകാലത്തെ പുൽകൊടികൾ കാണുവാനെത്രരസം

സൂര്യകിരണങ്ങളേറ്റ് മുത്ത്കണക്കേ
തിളങ്ങുന്ന മഞ്ഞിൻ തുള്ളികൾ
നിശബ്ദമായി ഒഴുകികൊണ്ടരിക്കുന്ന
കൊച്ചരുവികളും വൈഡൂര്യം കണക്കെ



ഇളം വെയിലേറ്റ് തിളങ്ങുന്ന ജലവും മന്ദാരമാരുതന്റെ തലോടലിൽ ആടുന്ന തെങ്ങിൻ തോപ്പുകൾ മനസ്സിനും മെയ്യിനും ഒരുപോലെ കുളിർ തന്ന് പോകുന്നു, ഈ ഭൂമിയിൽ ജീവിച്ച് കൊതിതീരില്ലയാർക്കും വിടപറയുവാൻ എന്റെ മനസ്സിനു ശക്തിയില്ല....

# എന്റെ കഥ

അതിമനോഹരമായ ഒരു പൂന്തോട്ടം കിഴക്കെ പ്രദേശത്തുണ്ടായിരുന്നു.അവിടത്തെ വീട്ടിലെ മിനിയാണ് ആ പൂന്തോട്ടം അവിടെ ഉണ്ടാക്കിയ-ത് അവിടെമുല്ല,റോസ്സ,ല്ലി അങ്ങനെ പലതരം പൂക്കളുണ്ടായുരുന്നു.ഈ പൂക്കളുടെ മനോഹരമായ വാസന ആ പ്രദേശമാകെ പടർന്നിരുന്നു.അവധി ദിവസങ്ങളിൽ അവൾ എപ്പോഴും പൂന്തോട്ടത്തിൽ തന്നെയായിരിക്കും. മിനിയുടെ പ്രിയപ്പെട്ട കൂട്ടുകാർ ആ പൂന്തോട്ടത്തിലെ ചക്കി പൂമ്പാറ്റ,മണിതുമ്പി,കരിമ്പൻ കരിവണ്ട് എന്നിവയാകുന്നു. ഇവിടെ ഒരാൾ കൂടിയുണ്ട്...മിട്ടു തേനീച്ച..! അവൾക്ക് ഇവളക്ക് ഇഷ്ടമല്ല. ചക്കിയെ തേനെടുക്കാൻ പോലും മിട്ടു സമ്മതിക്കില്ല.എല്ലാം അവൾക്ക് വേണം.അവളെ എന്തേലും പറഞ്ഞാൽ അവൾ കുട്ടത്തോടെവന്നു

ഉപദ്രവിക്കും.അവിടത്തെ പൂക്കൾക്കുപോലും അവളെ ഇഷ്ടമല്ല.....

ഒരിക്കൽ അവധി ദിവസമായിരുന്നു.മിനിയുടെ അച്ഛനും അമ്മയും സുഹൃത്തിന്റെ വീട്ടൽ പോയിരിക്കുകയായിരുന്നു.പൂന്തോട്ടത്തിലെ പൂക്കൾ പെറുക്കുകയായിരുന്നു മിനി.മിനിയെ ചക്കിയും മിട്ടുവിനോട് വഴക്കടിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നും സംഭവിക്കാറുള്ള വഴക്കായതിനാൽ മിനി അതുകാര്യമാക്കിയില്ല.സ്കൂളിലെ ചില പ്രവർത്തനങ്ങൾ ചെയ്യാനുള്ളതുകൊണ്ട് അവൾ മുകളിലേക്ക് പോയി...അവൾക്ക് പിന്നിൽ കരിവണ്ടും.അപ്പോഴും പൂന്തോട്ടത്തിലെ വഴക്ക് കഴിഞ്ഞിരുന്നില്ല. പെട്ടന്ന് ഇടിവെട്ടി മഴപെയ്തു.മണി ചക്കിയുടെ കൈപിടിച്ച് പറക്കാൻശ്രമിക്കുമ്പോൾ മഴയുടെ ശക്തി കൂടീയിരുന്നു. അവൾക്ക് മഴയെ എതിർത്ത് പറക്കാൻ സാധിച്ചില്ല.ഒരിലയുടെ മറവിൽ ചക്കിയും മണിയും നിന്നു....അപ്പോഴതാ പാവം മിട്ടു...!അവൾക്ക് ആരും ഇടംകൊടുത്തില്ല.അവൾ അവിടെ മഴ നനഞ്ഞു നിന്നു.

മെല്ലെ മെല്ലെ മഴയുടെ ശക്തി കുറഞ്ഞിരിന്നു. മിനിയും

ചക്കിയും തിരിച്ചുവീട്ടിലേക്ക് പോകുകയായിരുന്നു.അപ്പോൾ പെട്ടന്ന് മണിയുടെ ശ്രദ്ധ മിട്ടുവിലേക്ക് തിരിഞ്ഞു.അവൻ ചക്കിയോട് പറഞ്ഞു: “നമുക്ക് മിട്ടുവിനേയും കൂട് കൂട്ടിയാലോ?” അപ്പോൾ ചക്കി പറഞ്ഞു: “അതേ....നമുക്ക് അവനെയും കൂടി കൂട്ടാം....അവൾക്ക് നമ്മളെ ഇഷ്ടമല്ലെല്ലും നാം ഒരിക്കലും ചീത്ത രീതിയിൽ പെരുമാറരുത് അല്ലെ?...മിട്ടു നിനക്കിപ്പോഴേല്ലും മനസ്സിലായോ...ചങ്ങാതിമാരുടെ വില!...നമുക്ക് ആപത്തു സംഭവിക്കുമ്പോൾ നമ്മുടെ കൂട്ടുകാരാണ് നമ്മുടെ കൂടെ ഉണ്ടാവുകയുള്ളൂ....അതിനാൽ ആരെയും ദ്രോഹിക്കരുത്”ഇതുകേട്ടപ്പോൾ മിട്ടുവിന്റെ മനസ്സ് മാറി.പിന്നെ അവർ മൂന്നുപേരുമായിരുന്നു നല്ല ചങ്ങാതിമാർ.

ഇതെല്ലാം സ്വപ്നമായിരുന്നു എന്ന് പ്രഭാതത്തിൽ എഴുന്നേറ്റപ്പോഴാണ് മിനിക്ക് മനസ്സിലായത്.

അവൾ സ്കൂളിലേക്ക് പോകാൻ ഒരുങ്ങിയതിനു ശേഷം പൂന്തോട്ടത്തിലേക്ക് പോയി അവിടത്തെ പൂക്കളെ തലോടി അവൾ സ്കൂളിലേക്കുള്ള യാത്ര പുറപ്പെട്ടു.

...............................................

# മഴയോട് മാത്രം പ്രണയം...

മീര

എന്റെ മനസ്സിൽ പതിച്ച പ്രതിഭാസം
മനസ്സിൽ മായാതെ നിൽക്കുന്ന ആ പ്രതിഭാസം
ഒരു നോക്കു കണ്ടപ്പൊാമുതൽ വീണ്ടും വീണ്ടും
കാണുവാൻ കൊതി......
മഴയുടെ വരവും കാത്തിരുന്നു ഓരോ നിമിഷവും
പ്രതീക്ഷിച്ചപോലെ കുന്നുകളും മലകളും താണ്ടി
മരച്ചില്ലക്കിടയിലൂടെ എന്നെയും നോക്കിവന്ന മഴ
ഇതാണ് പ്രണയം ആത്മാർത്ഥമായ പ്രണയം

# DON'T QUIT IT

- SHAHANA.H 9

When things go wrong , as they sometimes will ,
When the road you're oudging seems all uphill,
When the funds are low and the debis are high,
And you wan't to smile, but you have to sigh,

When care is pressing you down bit,
Rest,if you must , but don't you quit.
Life is queer with its twist and turns,
As everyone of us sometimes learns,

And many a failure turns about ,
When he might have won had he stuck it out ;
Don't give up though the pace seems slow.
You may succeed with another blow.

Often the goal is nearer than,
Its seems to a faint and faltering man,
Often the struggler has given up,
When he might have captured the victors cup,

And he learned too late when the night slipped down,
How close he was to golden crown.
Success is failure turned inside out.
The silver tint of the clouds of doubt .

And you never can tell how close you are,
It may be near when it seems so far
so thick to the fight when you're hardest hit
It's when things seem worst that you must not quit.

# ബാലവേല

ലേഖനം

-മന

ആരാണ് കുട്ടിത്തൊഴിലാളികൾ? സ്കൂളിൽ പഠിക്കാതെ കളിക്കാതെ ചിരിക്കാതെ പല ജോലികളും ചെയ്തു നമുക്കിടയിൽ ജീവിക്കുന്നവർ. ജനസംഖ്യയിൽ 23 ശതമാനവും കുട്ടികളാണ്. അവരെ ആരോഗ്യവാന്മാരായി വിദ്യാഭ്യാസം നൽകി വളർത്തുന്നതിനു പകരം ജോലി ചെയ്യിപ്പിച്ചു ചൂഷണം ചെയ്യുന്നുണ്ട്. കച്ചവടക്കാരൻ, പാറ പൊട്ടിച്ച്, പണിയെടുപ്പിച്ച് ചായക്കടകളിലെ അടുക്കളയിൽ സഹായിക്കുക എന്തെല്ലാം ജോലികൾ കൾ. ലോകത്തെ മുഴുവൻ ഇത്തരം ബാലവേലകൾ ധാരാളമുണ്ട് അഞ്ചു വയസ്സിനും പതിനേഴ് വയസിനും ഇടയ്ക്ക് പ്രായമുള്ള ഉള്ള 25

കോടിയോളം കുട്ടികൾ. ഇങ്ങനെ കുടുംബം പോറ്റാൻ സ്വയം ജീവിക്കാനും കഠിനമായി അധ്വാനിക്കുന്ന ലോകത്ത് ആറിൽ ഒരു കുട്ടി വീതം തൊഴിലാളിയാണ്. കളിച്ചു ചിരിച്ചു നടക്കേണ്ട പ്രായത്തിൽ അവർ ജീവിക്കുന്നത് ജീവിതം എന്താണെന്ന് അറിയും മുമ്പാണ് ഈ കഷ്ടപ്പാട്. ഇന്ത്യയിൽ മാത്രം കോടിയിലേറെ കുട്ടികൾ പണിയെടുപ്പിക്കുന്നത് എന്നാണ് കണക്ക് .നമ്മുടെ രാജ്യത്തെ ബാലവേല നിരോധിച്ചിട്ടുണ്ട്. പക്ഷേ നമ്മുടെ നാട്ടിലേക്ക് അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടതലായി എത്താൻ തുടങ്ങിയതോടെ കുട്ടി തൊഴിലാളികളും കൂടി. കുട്ടി തൊഴിലാളികളെ ബാലവേലയിൽ നിന്നും മോചിപ്പിക്കുന്ന ചുമതല കുട്ടികളായ നമുക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും എല്ലാ മുതിർന്നവർക്കും ഉണ്ട് .

# MOTHER

POEM

SANDHRA .P

My mother is my lovely friend
The most beautiful god in the
world is mother
My mother is great and carefully
I am not single i have a parents
My parents is all in my life
and in my world
My confidence is my parents

HOW OFTEN WE WISH FOR ANOTHER CHANCE
TO MAKE AFRESH BEGINNING
A CHANCE BLOT OUT OUR MISTAKE
AND CHANGE FAILURE INTO WINNING

IT DOES NOT TAKE ANEW DAY
TO MAKE A BRAND NEW START,
IT ONLY TAKES A DEEP DESIRE
TO TRY WITH ALL OUR HEART

TO LIVE A LITTLE BETTER
AND TO ALWAYS BE FORGIVING
AND TO ADD A LITTLE SUNSHINE

TO THE WORLD IN WHICH WE'RE LIVING

SO NEVER GIVE UP IN DESPIRE

AND THINK THAT YOU ARE THROUGH,

FOR THERE'S ALWAYS A TOMORROW

AND THE HOPE OF STARTING NEW

...............................

# ....................നന്ദി